(Pages : 4) **N – 7625**

Reg. No. : ..............................

Name : ..................................

## Fourth Semester B.A. Degree Examination, August 2022

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course

## ML 1441 : മലയാളകവിത - പൂർവ്വഘട്ടം

## (2018 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. രാമചരിതത്തിന് ആ പേരു നൽകിയ പണ്ഡിതൻ?

2. ചോകിരം ഗ്രാമത്തെ വർണ്ണിക്കുന്ന പ്രാചീനചമ്പുവേത്?

3. നളചരിതത്തിന് എ.ആർ. രാജരാജവർമ്മ തയ്യാറാക്കിയ വ്യാഖ്യാനത്തിന്റെ പേരെന്ത്?

4. ഗാഥയും കിളിപ്പാട്ടും രചിച്ചതാര്?

5. ഊരകത്തമ്മയെ സ്തുതിച്ചുകൊണ്ട് ആരംഭിക്കുന്ന ചമ്പൂകാവ്യമേത്?

6. ആരുടെ നിർദ്ദേശപ്രകാരമാണ് കുചേലവൃത്തം വഞ്ചിപ്പാട്ട്, വിരചിതമായത്?

7. ഉള്ളൂരെഴുതിയ മഹാകാവ്യമേത്?

VTM NSS COLLEGE LIBRARY

8. 'ഇന്നലെയോളമെന്തെന്നറിഞ്ഞീല
ഇന്നി നാളെയുമെന്തെന്നറിഞ്ഞില്ല'
- ഏതു കൃതിയിലെ വരികളാണിവ ?

9. 'കുഞ്ചൻ നമ്പ്യാരും അദ്ദേഹത്തിന്റെ കൃതികളും' ആരുടെ കൃതിയാണ് ?

10. സഭാപ്രവേശം തുള്ളലിന് ആധാരമായ കഥ, മഹാഭാരതത്തിലെ ഏതു പർവ്വത്തിലാണുള്ളത് ?

**(10 × 1 = 10 Marks)**

II. **ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരം എഴുതുക.**

11. പാട്ടിന്റെ ലക്ഷണത്തിലെ എതുക,മോന എന്നിവ എന്തെന്ന് വ്യക്തമാക്കുക.

12. 'കഷ്ടം, കഷ്ടം നിരൂപണം കൂടാതെ
ചുട്ടു തിന്നുന്നു ജന്മം പഴുതേ നാം' - വിവക്ഷിതമെന്ത്?

13. 'മായനീയിങ്ങനെയാവോളം കാട്ടിനാൽ
പോയിടാമെന്നു നിനയ്ക്കവേണ്ട'- ആരുടെ വാക്കുകൾ? സന്ദർഭമേത്?

14. ദ്വേഷവും ഭേദവും മത്സരമാദിയാം
ദോഷവുമില്ലവർക്കെന്നറി മന്നവ' - സന്ദർഭമെഴുതുക.

15. പവനനവനെച്ചെന്നുകൊന്റാന്തദാനീം - ആരുടെ അവസ്ഥയാണ് സൂചിപ്പിക്കുന്നത്? വിശദീകരിക്കുക.

16. 'പട്ടാങ്ങായുള്ളവരേവരെന്നിങ്ങനെ
ഒട്ടുപോൽ ചിന്തിച്ചു വട്ടം പോന്നാർ' - വിവക്ഷിതമെന്ത്?

17. 'സൗവർണ്ണഹംസം ചെയ്യൊരു
സൗഹൃദമായിതു സൗഹൃദമേ' - സാരസ്യമെന്ത്?

18. മുക്തകങ്ങളുടെ പൊതുസ്വഭാവമെന്ത്?

19. 'ഭവദുപകൃതേരഹം പ്രതികരിഷ്യാമി' - ആരുടെ വാക്കുകൾ? സന്ദർഭമേത്?



VTM NSS COLLEGE LIBRARY

20 'വൈചിത്ര്യമെത്രയുമിത്തൊഴിൽത്താവകം' എന്ന് ശ്രീകൃഷ്ണൻ പറഞ്ഞതെപ്പോൾ?

21 'എനിക്കത്രേ രിപുപ്രൗഢി നിനയ്ക്കുമ്പോൾ സഹിക്കാത്തു' - ആരുടെ വാക്കുകൾ? സന്ദർഭമെഴുതുക

22 'പാരിലിങ്ങനെ സഞ്ചരിച്ചീടുമ്പോൾ
പ്രാരബ്ധങ്ങളശ്ശേഷമൊഴിഞ്ഞിടും' - കവി നിർദ്ദേശിക്കുന്നതെന്തെല്ലാം?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

23 ഉണ്ണുനീലിസന്ദേശത്തിലെ പ്രഭാതവർണ്ണനയുടെ ഭംഗി വ്യക്തമാക്കുക.

24 'പാഥസാം നിചയം വ്ാർന്നൊഴിഞ്ഞളവു
സേതുബന്ധനോദ്യോഗമെന്തെടോ' - സാരസ്യം വെളിപ്പെടുത്തുക.

25. 'ശക്തിയോടുകൂടിവന്നുമാറിമാറിയെടുത്തിട്ടു
ശാർങ്ഗിയുടെ പുരദ്വാരം പൂകിക്കപ്പെട്ടു' - സന്ദർഭവും സാരസ്യവും വെളിപ്പെടുത്തുക.

26. ഉമാകേരളത്തിന്റെ സവിശേഷത വ്യക്തമാക്കുക.

27. 'തങ്ങൾ ചെയ്യീടും ദുരാചാരമെല്ലാം
തങ്ങൾക്കുതന്നെ ഭവിച്ചീടുമല്ലോ' - സൂചിതമെന്ത്?

28. ധൃതരാഷ്ട്രരെ ആശ്വസിപ്പിക്കുവാൻ വേദവ്യാസൻ പറഞ്ഞതെന്തെല്ലാം?

29. നൂനമീ വിപത്തെല്ലാം പോയിമായും
ആനന്ദം നമുക്കെല്ലാം വന്നുതോയും - സന്ദർഭമെഴുതുക.

30. പുഷ്കരൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവം നിരൂപണം ചെയ്യുക.

31. 'എനിക്കേതുമബദ്ധങ്ങൾ വരികയില്ലൊരേടത്തും' എന്ന ആത്മവിശ്വാസം പ്രകടിപ്പിക്കുന്നതാര്? സന്ദർഭമേത്?

**(6 × 4 = 24 Marks)**

VTM NSS COLLEGE LIBRARY

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. ഉണ്ണായിവാര്യരുടെ പാത്രസൃഷ്ടിവൈഭവത്തെക്കുറിച്ച് ഉപന്യസിക്കുക.

33. സഭാപ്രവേശത്തിലെ ദേശം, കാലം, സമുദായം എന്നിവയെ സംബന്ധിച്ച വർണ്ണനകൾ കഥയ്ക്ക് എത്രമാത്രം യോജിച്ചിരിക്കുന്നുവെന്ന് ചർച്ച ചെയ്യുക.

34. സ്ത്രീപർവ്വത്തെ ആധാരമാക്കി എഴുത്തച്ഛന്റെ കാവ്യശൈലിയെക്കുറിച്ച് ഉപന്യസിക്കുക.

35. ആത്മാവിഷ്കാരത്തിന്റെ ഊഷ്മളത, കുചേലവൃത്തം വഞ്ചിപ്പാട്ടിനെ ഹൃദ്യമാക്കുന്നതെങ്ങനെ?

**(2 × 15 = 30 Marks)**

---



VTM NSS COLLEGE LIBRARY